ഹർത്താൽ നിയന്ത്രിക്കുന്നതിനുള്ള കരട് ബിൽ. .....ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരി പോയോ.....

മി. ഡെപ്യൂട്ടി സ്പീക്കർ : അവിടെയുണ്ടാകും. അങ്ങ് പറയാനുള്ളത് പറയൂ.

ശ്രീ. എം. വിജയകുമാർ : സബ്മിഷൻ പറഞ്ഞുകഴിഞ്ഞാൽ പിന്നെ അംഗം വേണമെന്നില്ല. ഇത് സഭയുടെ ഭാഗമാണ്. ഇനി ബാക്കി പറയാം. കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ ഉത്തരവിലൂടെ 31-3-2010-ൽ മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉപസമിതി റിപ്പോർട്ട് പഠിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. പുതുശ്ശേരി ഇവിടെ സൂചിപ്പിച്ച കാര്യം വെറും നിയമപ്രശ്നമായി മാത്രം സർക്കാർ കാണുന്നില്ല. ഏകപക്ഷീയമായ ഒരു നിലപാട് ഈ കാര്യത്തിൽ സ്വീകരിക്കുന്നതിന് സർക്കാർ ആഗ്രഹിക്കുന്നില്ല. ഈ ബിൽ സംബന്ധിച്ച വിഷയം സങ്കീർണ്ണമായ ഒരു സാമൂഹിക പ്രശ്നമാണ്. അതുകൊണ്ട് ബന്ധപ്പെട്ടവരുമായിട്ടെല്ലാം ചർച്ച ചെയ്ത്, പ്രതിപക്ഷ പാർട്ടികൾ ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ സർക്കാർ ഈ കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കുകയുള്ളൂ.

(5) നെല്ല് സംഭരണം

ശ്രീ. പള്ളിപ്രം ബാലൻ : സർ, കാസർഗോഡ് ജില്ലയിൽ നിന്ന് നെല്ല് ശേഖരിക്കണമെന്നാണ് എന്റെ സബ്മിഷനിൽ ഞാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പും ഗവൺമെന്റും പാലക്കാട് വരെയുള്ള ജില്ലകളിൽ നിന്ന് 12 രൂപ കൊടുത്ത് കൃഷിക്കാരിൽ നിന്ന് നെല്ല് ശേഖരിക്കുകയാണ്. കാസർഗോഡ് ജില്ലയിലും തരിശ്നിലങ്ങൾ കൃഷിചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന് ബഹുമാനപ്പെട്ട മന്ത്രി തന്നെ നേതൃത്വം കൊടുത്തിരിക്കുകയാണ്. ഈ രൂപത്തിലെല്ലാം നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഒരുപാട് സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാസർഗോഡ് ജില്ല ഉൾപ്പെടെയുള്ള മലബാർ മേഖലയിൽ നിന്ന് ഗവൺമെന്റ് നിശ്ചയിച്ച 12 രൂപ വില കൊടുത്ത് നെല്ല് കൃഷിക്കാരന് സംഭരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇപ്പോൾ കൃഷിക്കാരൻ അധികം വരുന്ന നെല്ല് വിൽക്കുന്നത് 7 രൂപയ്ക്കും 7 രൂപ 50 പൈസയ്ക്കുമാണ്. വളരെ നഷ്ടപ്പെട്ടിട്ടാണ് കൃഷിക്കാർ നെല്ല് വിൽക്കുന്നത്. അതുകൊണ്ട് കൃഷിക്കാരനെ സംരക്ഷിക്കാനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും സഹായകരമായ രീതിയിൽ ഈ മേഖലയിൽ നിന്നെല്ലാം നെല്ല് സംഭരണം നടത്തണമെന്നാണ് എന്റെ അഭ്യർത്ഥന.

കൃഷിവകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, നെല്ല് സംഭരണ പരിപാടി നടപ്പിലാക്കുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ്. ഏറ്റവും കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്നത് പാലക്കാട്, ആലപ്പുഴ, കോട്ടയം, തൃശൂർ, മലപ്പുറത്ത് പൊന്നാനി മേഖല, എറണാകുളത്തെ പൊക്കാളി മേഖല, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നാണ് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന സംഭരണ വിലപ്രകാരം നെല്ല് സംഭരിക്കുന്നത്. കേരളത്തിലെ മൊത്തം നെല്ലുൽപ്പാദനത്തിന്റെ 80 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദിപ്പിക്കുന്നത് ഈ മേഖലയിലാണ്. ബാക്കി മേഖലകളിൽ നെല്ല് ഉൽപ്പാദനം ചെറിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇത് കൂടുതൽ പ്രോസ്സസ് ചെയ്യുന്നത് കാലടിയിലെ സഹകാര്യ മില്ലുകളുമായി ബന്ധപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിലായതുകൊണ്ട് വിദൂര പ്രദേശങ്ങളിൽനിന്നും പ്രത്യേകിച്ച് കാസർഗോഡ്, കണ്ണൂർ മേഖലകളിൽനിന്ന് നെല്ല് സംഭരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന് ട്രാൻസ്പോർട്ടിംഗ് ചാർജ്ജെല്ലാം കൊടുത്ത് കാലടിയിൽ കൊണ്ടുവന്ന് പ്രോസ്സസ് ചെയ്യുന്നതിന് സാധാരണയുള്ളതിനെക്കാൾ കൂടുതൽ പൈസ ചെലവാകുന്നുണ്ട്. നെല്ല് ദൂരെ നിന്ന് സംഭരിക്കുന്നതിന് അധിക ഹാൻഡിലിംഗ് ചാർജ്ജോ മറ്റ് സംവിധാനങ്ങളോ കേന്ദ്രഗവൺമെന്റ് അധികമായി തരുന്നില്ല. അതുകൊണ്ട് ദൂരെയുള്ള പ്രദേശങ്ങളിലെ നെല്ല് സംഭരിക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് ഒരു സംവിധാനമുണ്ടാക്കാനാണ് കഴിഞ്ഞ വർഷം തീരുമാനിച്ചത്. സഹകരണ വകുപ്പ് ചില ജില്ലകളിലെല്ലാം അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുകയും സംഭരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കണ്ണൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ ആ സംഭരണമുണ്ട്. കാസർഗോഡ് ജില്ലയിൽ ആവശ്യമായ അളവിലുള്ള നെല്ലുൽപ്പാദനം വർദ്ധിച്ചു വരികയാണ്. അവിടെ ഈ വർഷത്തെ നെല്ല് സംഭരണത്തിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാം.

(6) മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ

ശ്രീ. ജോർജ് മേഴ്സിയർ : സർ, മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കാൻ നൽകുന്നത് വെറും 75,000 രൂപ മാത്രമാണ്. അത് ഇന്നത്തെ നിലയ്ക്ക് ഒന്നരലോഡ് മണലിന്റെ വിലയാണ്. മഹാത്മാഗാന്ധി എൻ. ആർ. ഇ. ജി. പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതി, ലക്ഷം വീട് നവീകരണം ഉൽപ്പെടെയുള്ളവ ഉൾപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള മേൽപറഞ്ഞ പദ്ധതിയിൽ മഹാത്മാഗാന്ധി എൻ. ആർ. ഇ. ജി-യും ഉൽപ്പെടുത്തേണ്ടത് ഒരു ആവശ്യകതയാണ്. പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകൾ നോക്കുമ്പോൾ പലയിടത്തും ഈ കഴിഞ്ഞ സാമ്പത്തിക വർഷം എൻ.ആർ.ഇ.ജി. നിർവ്വഹണം എന്ന് പറയുന്നത് 20-ൽ താഴെ ദിവസങ്ങളാണ്. അതിനും കൂടി ഒരു പരിഹാരമുണ്ടാക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവൃത്തികൾ മാത്രമേ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ഇതനുസരിച്ച് ഭവന നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയല്ല. എന്നാൽ ദാരിദ്യ രേഖയ്ക്ക് താഴെയുള്ളവർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. വിവിധ ഭവന പദ്ധതികൾപ്രകാരം ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകളുടെ സ്ഥലം ഒരുക്കൽ, അടിത്തറ നിർമ്മിക്കുന്നതിനുള്ള വാനം വെട്ടുക, അടിത്തറ മണ്ണിട്ട് നിറയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly